## 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 562** **30-01-2024 - ൽ മറുപടിയ്ക്ക്**

## ബാറുകളുടെ ടേൺഓവർ ടാക്സ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 2017-ന് ശേഷം ബാറുകളിൽ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് 2017 ന് ശേഷം ബാറുകളിൽ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തിയിട്ടുണ്ട്. കേരളത്തിലെ വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന തൊണ്ണൂറ്റിയൊന്ന് ബാർ ഹോട്ടലുകളിലായി 2017 ന ശേഷമുള്ള വിവിധ കാലയളവിൽ നടത്തിയ പരിശോധനയിൽ 1572.43 ലക്ഷം രൂപയുടെ നികുതി വെട്ടിപ്പ് കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ ബാർ ഹോട്ടലുകൾ 1963-ലെ വിൽപ്പന നികുതി നിയമത്തിലെ വകുപ്പ് 7 അനുസരിച്ചുള്ള കോമ്പോസിഷൻ സ്കീം തിരഞ്ഞെടുത്തുകൊണ്ട് പ്രതിമാസ റിട്ടേണുകൾ കൃത്യമായി സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | സംസ്ഥാനത്ത് ചില ബാർ ഹോട്ടലുകൾ 1963 ലെ വിൽപ്പന നികുതി നിയമത്തിലെ വകുപ്പ് 7 അനുസരിച്ചുള്ള കോമ്പോസിഷൻ സ്കീം തിരഞ്ഞെടുത്തുകൊണ്ട് പ്രതിമാസ റിട്ടേണുകൾ കൃത്യമായി സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഇത്തരത്തിൽ നികുതി റിട്ടേണുകൾ സമർപ്പിക്കാത്തവർക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (സി) | ഇത്തരത്തിൽ നികുതി റിട്ടേണുകൾ സമർപ്പിക്കാത്തവർക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നികുതി റിട്ടേണുകൾ സമർപ്പിക്കാത്തവർക്കെതിരെ പിഴ ചുമത്തി കൊണ്ടുള്ള ഉത്തരവുകൾ നൽകിയിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്തെ ബാർ ഹോട്ടലുകൾ ലാഭശതമാനം കുറച്ച് കാണിച്ച് ടേൺഓവർ ടാക്സ് അടക്കുന്നതിൽ കുറവ് വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | സംസ്ഥാനത്തെ ചില ബാർ ഹോട്ടലുകൾ ലാഭ ശതമാനം കുറച്ചു കാണിച്ച് ടേൺ ഓവർ ടാക്സ് അടയ്ക്കുന്നതിന് കുറവ് വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ ലാഭ ശതമാനം കുറച്ചു കാണിച്ച് TOT അടയ്ക്കുന്നതിൽ കുറവ് വരുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ ഇന്റലിജൻസ് ആക്ഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് യഥാർത്ഥ വില്പന കണക്ക് പുറത്തുകൊണ്ടുവരുന്നതിനും നികുതി അടപ്പിക്കുന്നതിനുമുള്ള നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ബാർ ഹോട്ടലുകളിൽ ഇന്റലിജൻസ് വിഭാഗത്തെക്കൊണ്ട് അതാത് വർഷങ്ങളിൽ പരിശോധന നടത്തി യഥാർഥ വില്പനക്കണക്ക് ലഭ്യമാക്കുന്നതിനും നികുതി റിട്ടേണുകളിലെ ടേൺഓവർ ടാക്സിൽ കുറവ് വന്നിട്ടില്ലെന്ന് ഉറപ്പ് വരുത്തുവാനുമുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഇ) | നികുതി റിട്ടേണുകളിലെ ടേൺഓവർ ടാക്സിൽ കുറവ് വന്നിട്ടുണ്ടെന്ന് ബോധ്യപ്പെട്ടാൽ അത്തരം ബാർ ഹോട്ടലുകൾക്കെതിരെ നടപടികൾ സ്വീകരിക്കാറുണ്ട്. 2017 ന ശേഷമുള്ള വിവിധ കാലയളവിൽ ഇത്തരത്തിൽ നികുതി വെട്ടിപ്പ് നടത്തിയ സ്ഥാപനങ്ങളിൽ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തിയതിന്റെ ഫലമായി ഏകദേശം 1572.43 ലക്ഷം രൂപയുടെ നികുതി വെട്ടിപ്പ് കണ്ടെത്തുകയും അവർക്കെതിരെ നിയമ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ